ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സ്കോളർഷിപ്പുവാങ്ങി വിദ്യാഭ്യാസം നടത്തുക എന്നു പറയുന്നതു എല്ലാ വിദ്യാർത്ഥികൾക്കും ബാധകമായിട്ടുള്ളതാണു്. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നുണ്ടു്. പക്ഷേ അതുമാത്രം കരുതിയാൽ തൊഴിൽ സാദ്ധ്യതയുണ്ടെങ്കിൽമാത്രമേ വിദ്യാഭ്യാസം നടത്താൻ പാടുള്ളൂ എന്നു വരും. കേരളത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പല സ്ഥലത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിറുത്തിവയ്ക്കേണ്ട സ്ഥിതിയുണ്ടാകും. അതുകൊണ്ടു് ആ തത്വം അംഗീകരിക്കാവുന്നതല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : സ്പെഷ്യലിസ്റ്റു് അദ്ധ്യാപകരെ നിയമിക്കാതിരിക്കുന്നതുകൊണ്ടു ഗവണ്മെൻറിനു് എന്തു ചെലവു ലാഭം വരും ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സ്പെഷ്യലിസ്റ്റു് അദ്ധ്യാപകർ സംഗീതത്തിൽ മാത്രമല്ല ഉള്ളതു്. ഡ്രായിംഗ്, ഡ്രിൽ, തുന്നൽ മുതലായ പല കാര്യങ്ങളിലും സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കാറുണ്ടു്. ഇവരുടെ നിയമനം തൽക്കാലം നിറുത്തിവയ്ക്കുന്നതുകൊണ്ടു് എന്തു ലാഭം അല്ലെങ്കിൽ ചെലവിൽ എന്തു കുറവുവരുമെന്നുള്ളതിന്റെ കണക്കുകൾ എടുത്തിട്ടില്ല.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

Written Answers

മന്ത്രിമാരുടെപേരിൽ അഴിമതി ആരോപണങ്ങൾ

* 8. [9] ശ്രീ. ആർ. എസ്. ഉണ്ണി
ശ്രീ. കെ. എം. മാണി
ശ്രീ. ടി. എ. മജീദ്
ശ്രീ. പി. പി. ജോർജ്ജ്
ശ്രീ. പി. കെ. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റുസമ്മേളനത്തിൽ ഏതാനും മന്ത്രിമാർക്കെതിരെ ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറു് പരിശോധിക്കുകയുണ്ടായോ;

(ബി) ആരോപണത്തിനു് വിധേയരായ മന്ത്രിമാർ ആരെല്ലാമാണെന്നും അവർക്കു് ഓരോരുത്തർക്കും എതിരെ എന്തു നടപടികളാണു് ഗവണ്മെൻറു് കൈക്കൊണ്ടതെന്നും വ്യക്തമാക്കുമോ;

(സി) നടപടികളൊന്നും കൈക്കൊണ്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ഉണ്ടായി.

(ബി)യും (സി)യും ധനകാര്യവകുപ്പുമന്ത്രി, ആരോഗ്യമന്ത്രി, വനവും ഹരിജനക്ഷേമവും വകുപ്പുമന്ത്രി എന്നിവരെപ്പറ്റിയ അഴിമതിയാരോപണങ്ങളാണു് പരിശോധിച്ചതു്. ധനകാര്യവകുപ്പുമന്ത്രിയുടെപേരിലുള്ള ചില ആരോപണങ്ങളും അന്വേഷണകമ്മീഷൻ നിയമമനുസരിച്ചുള്ള അന്വേഷണത്തിനു് വിധേയമാക്കി. മറ്റുള്ളവരുടെമേൽ വന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സില്ലെന്നു കാണുന്നതിനാൽ യാതൊന്നും ചെയ്യേണ്ടതില്ലെന്നു് നിശ്ചയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Appendix I

[Please see answer to Unstarred Qn. No. 8 (17)]

List of persons

	Name of incumbent	*Institution in which working*	*Date of joining service*
1.	D. Indira Devi	Director of Technical Education's Office.	24-1-1964.
2.	K. Anandapadmanabha Pillai.	do.	31-1-1964.
3.	R. Gopinatha Menon	School of Painting, Mavelikara.	30-1-1964.
4.	K. Sreedharan	Junior Technical School, Badagara.	1-7-1964.
5.	K.C. Gopalakrishnan	Junior Technical School, Palai	18-8-1964.
6.	P. N. Krishnan Namboothiri	Engineering College, Trichur.	15-1-1965.
7.	K. K. Thankamma	School of Arts, Trivandrum.	19-10-1964.
8.	B. Valsa Rani	Govt. Polytechnic, Kottayam	18-2-1965.
9.	P. Sreenivasan Potti	Director of Technical Education's Office.	20-1-1965.
10.	K. Sasidharan Nair	Engineering College, Trichur	18-2-1965.
11.	M. Santhakumari	Institute of Textile Technology, Trivandrum.	20-11-1965.
12.	P. K. Santhakumari	Engineering College, Trivandrum.	3-10-1966.
13.	T. Kannan	Govt. Polytechnic, Perintalmanna.	12-11-1965.

LIBRARY ARCHIVES Kerala Legislative Assembly